# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പുറക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: **ddhglfalpy@gmail.com**
ഫോൺ : **0477-2252753**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി5/769/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/08/2025
ഇ-മെയിൽ:
ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി5/769/2025 തീയ്യതി: 12/08/2025

# ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-06-2025 | 18-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-06-2025 | 18-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ആശ.എം.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമോൾ.പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ടീന ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എസ്.സുദർശൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ഇന്ദു.ബി | സെക്രട്ടറി | 01-04-2024 | 30-04-2024 |
| ശ്രീ.മസ്സൂദ്.എച്ച് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2024 | 17-06-2024 |
| ശ്രീമതി.ഇന്ദു.ബി | സെക്രട്ടറി | 18-06-2024 | 02-02-2025 |

| | | | |
|---|---|---|---|
| ശ്രീമതി.സജിത.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മസ്സൂദ്.എച്ച് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 04-09-2024 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 05-09-2024 | 12-09-2024 |
| ശ്രീമതി.സജിത.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 13-09-2024 | 31-03-2025 |
| ശ്രീമതി.ധനലക്ഷ്മി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.സന്ധ്യ എസ് പുത്തൻവെളി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ.ഷിബു എസ് | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി, പുറക്കാട് | 01-04-2024 | 31-03-2025 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, തോട്ടപ്പള്ളി | 01-04-2024 | 31-03-2025 |
| ഡോ.സജിത പി കുറുപ്പ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.ശ്രീരാജ് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ.അനീഷ് കെ.ആർ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ.അബ്ദുൾ ലത്തീഫ് എസ് | ഹെഡ്മാസ്റ്റർ | 01-04-2024 | 14-06-2024 |
| ശ്രീമതി.രമാദേവി | ഹെഡ്മിസ്ട്രസ് | 15-06-2024 | 31-03-2025 |
| ശ്രീമതി.ആശാമോൾ.എം | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രീത എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.സ്മിത ഒ | വി.ഇ.ഒ 1 | 01-04-2024 | 31-03-2025 |
| ശ്രീമതി.സിന്ധു.കെജി | വി.ഇ.ഒ 2 | 01-04-2024 | 31-03-2025 |
| ശ്രീ റെജി അലക്സ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | വസ്തുവിന്റെ കൃത്യമായ മൂല്യം ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ബജറ്റ് | 1-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | വസ്തുനികുതി പരിഷ്കരണത്തോടനുബന്ധിച്ചുള്ള ഫീൽഡ് തല സർവ്വെ പകുതി വാർഡുകളിൽപ്പോലും പൂർത്തിയായില്ല | 1-10 |
| 13 | സഞ്ചയയിൽ ഉപയോഗക്രമം കൃത്യമല്ല | 1-11 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പൂർണ്ണമായും ഈടാക്കിയില്ല | 1-12 |
| 15 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 16 | ടവർ നിർമ്മാണം -വസ്തുനികുതി ചുമത്തിയില്ല | 1-14 |
| 17 | ഹൈവേ വികസനം - പഞ്ചായത്ത് കെട്ടിടത്തിന്റെ സ്ഥലവും കെട്ടിടവും നഷ്ടപ്പെട്ടതിന്റെ തുക ലഭ്യമായില്ല | 1-15 |
| 18 | വെള്ളക്കരം ഒടുക്കുന്നില്ല | 1-16 |
| 19 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചറും ലാപ്ടോപ്പും വിതരണം- ആവശ്യകത നിർണ്ണയിക്കാതെ പർച്ചേസ് നടത്തി | 1-17 |
| 20 | ഉപയോഗ ശൂന്യമായ കുടിവെള്ള പൈപ്പ് ലൈൻ കട്ട് ചെയ്യൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-18 |
| 21 | സുഭിക്ഷ കേരളം-ചട്ടിയിൽ പച്ചക്കറി കൃഷി -ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി | 1-19 |
| 22 | എസ്.സി.കുട്ടികൾക്ക് പഠനമുറി നിർമ്മാണം-മുൻകൂർ കൈപ്പറ്റി, പ്രവൃത്തി ആരംഭിച്ചില്ല | 1-20 |
| 23 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-21 |
| 24 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 1-22 |
| 25 | കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും ഈടാക്കിയില്ല | 1-23 |
| 26 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-24 |
| 27 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- റിവൈസ്ഡ് എസ്റ്റിമേറ്റില്ലാതെ പ്രവൃത്തി നടപ്പാക്കി | 1-25 |
| 28 | കൃഷി ഓഫീസിലെ കണ്ടിജൻസി ചെലവുകൾ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-26 |
| 29 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-27 |

| | | |
|---|---|---|
| 30 | ജൽ ജീവൻ മിഷൻ പദ്ധതി- അവലോകനം | 1-28 |
| 31 | എസ്.എസ്.കെ വിഹിതം-വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 1-29 |
| 32 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും വിതരണ സാമഗ്രികളും വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-30 |
| 33 | വൃത്തി 2025- ദി ക്ളീൻ കേരള കോൺക്ളേവ് - കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല | 1-31 |
| 34 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-32 |
| 35 | എഫ്.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-33 |
| 36 | അഗതി രഹിത കേരളം - അക്കൌണ്ടിൽ വൻ തുക ബാലൻസ് നിലനിൽക്കുന്നു | 1-34 |
| 37 | ഗുണഭോക്തൃ വിഹിതം ചെലവഴിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാത്തതിനാൽ ബാധ്യതയായി നിലനിൽക്കുന്നു | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും ഈടാക്കിയില്ല | 3-1 |
| 2 | സുഭിക്ഷ കേരളം-ചട്ടിയിൽ പച്ചക്കറി കൃഷി -ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമീയം ഒടുക്ക് | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.04.2025-ലെ കമ്മറ്റി 10(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 07.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങളിലൊഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-2 വസ്തുവിന്റെ കൃത്യമായ മൂല്യം ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല**

പഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ചിട്ടുള്ള വസ്തുവിന്റെ കൃത്യമായ മൂല്യം 415120001-Local Self Government Institution Officer Building- Land എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് 08.02.2024-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 05.03.2025-ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| പരിഷ്കരിച്ച ബജറ്റ് പ്രകാരം | 43,50,72,659 | 46,77,37,836 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്പ്രകാരം) | 28,55,63,207 | 27,66,38,670 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 3,42,71,278 |
| വരവ് | 7,22,31,158 |
| ആകെ | 10,65,02,436 |
| ചെലവ് | 6,59,02,192 |
| നീക്കിയിരിപ്പ് | 4,06,00,244 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | സോഴ്സ് ഡിഡക്ഷൻ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,84,62,262 | 68,48,738 | 3,53,11,000 | 3,52,86,480 | 24,520 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 33,31,895 | 3,78,105 | 37,10,000 | 31,86,937 | 5,23,063 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 80,05,000 | 0 | 80,05,000 | 39,08,087 | 40,96,913 (ലാപ്സായി) |
| മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്) | 0 | 61,08,000 | 0 | 61,08,000 | 50,73,283 | 10,34,717 (ലാപ്സായി) |
| പതിനഞ്ചാം | 3,07,660 | 1,37,35,500 | 0 | 1,40,43,160 | 40,08,470 | 1,00,34,690 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | | | | | |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 9,51,748 | 59,49,000 (പലിശ-266306) | 0 | 71,67,054 | 71,36,974 | 30,080 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 264 | 17,39,40,793 | 164 | 8,24,39,049 | 80 | 20 | 62.12% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,592 | 13,47,933 | 13,50,525 | 13,44,525 | 6,000 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12,60,34,022 | 12,60,34,022 | 12,60,34,022 | 0 |
| മൂലധനചെലവ് | 0 | 5,30,912 | 5,30,912 | 5,30,912 | 0 |
| **ആകെ** | **2,592** | **12,79,12,867** | **12,79,15,459** | **12,79,09,459** | **6,000** |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,35,34,000 | 882 |
| വിധവാ പെൻഷൻ | 1,40,01,100 | 963 |
| വാർദ്ധക്യകാല പെൻഷൻ | 3,10,35,400 | 2624 |
| വികലാംഗ പെൻഷൻ | 60,95,800 | 398 |
| അവിവാഹിത പെൻഷൻ | 12,43,800 | 81 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.06.2025 തീയതിയിൽ 03:45 PM സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 1,197/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടാത്തവിധം ഓഫീസിന്റെ മുൻഭാഗത്തുനിന്നും മാറി ഓഫീസ് കെട്ടിടത്തിന്റെ ഒരു വശത്തായാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്.

2) ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

3) ആസ്തി രജിസ്റ്ററിൽ കാലികമായ ആസ്തി – വിവരങ്ങൾ ചേർത്ത് പരിഷ്കരിച്ചിട്ടില്ല.

4) വസ്തുനികുതി പരിഷ്കരണം ഗ്രാമപഞ്ചായത്തിലെ 4 വാർഡുകളിൽ മാത്രമാണ് നടത്തിയിട്ടുള്ളത്
5) വെള്ളക്കരമിനത്തിലെ ഭീമമായ കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കുറ്റമറ്റതാക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**1-10 വസ്തുനികുതി പരിഷ്കരണത്തോടനുബന്ധിച്ചുള്ള ഫീൽഡ് തല സർവ്വെ പകുതി വാർഡുകളിൽപ്പോലും പൂർത്തിയായില്ല**

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും)ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞവിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ. ഉ (കൈ)77/2023/തസ്വഭവ തീയതി 22.03.23 പ്രകാരം) 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ജോലികൾ നിലവിലും പൂർത്തീകരിച്ചില്ല.
പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ വസ്തുനികുതി പുതുക്കിനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി നിശ്ചിത യോഗ്യതയുള്ള 10 പേരെയും, അറവുകാട് ഐ.റ്റി.ഐ-ലെ 30 വിദ്യാർത്ഥികളെക്കൂടി ഉൾക്കൊള്ളിച്ച് 24.11.2023-ലെ 5(1)ാം നമ്പർ തീരുമാനം പ്രകാരം ഫീൽഡ് സർവ്വേക്കായി നിയമിച്ചിട്ടുണ്ട്. 22.03.2023-ലെ സഉ(കൈ) നം.77/2023/LSGD പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 32/18.06.2025) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ആകെയുള്ള 18 വാർഡുകളിൽ 8 (1,2,3,4,5,8,17,18) വാർഡുകളിൽ മാത്രമാണ് ഫീൽഡ് പരിശോധന പൂർത്തിയാക്കിയിട്ടുള്ളത്. ഇപ്രകാരം വിവരശേഖരണം നടത്തിയ കെട്ടിടങ്ങളുടെ ഉദ്യോഗസ്ഥതല പരിശോധന ആകെ 4 (3, 4, 17, 18) വാർഡുകളിൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഫീൽഡ് പരിശോധന പൂർത്തിയാക്കിയവ പോലും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല, സഞ്ചയ സോഫ്റ്റ്വെയറിൽ ഫീൽഡ് തല സർവ്വേ വിവരശേഖരണം നടത്തിയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ഓപ്ഷനുകൾ ലഭ്യമാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞവ നിലവിൽ പൂർത്തിയാക്കി ഡേറ്റാബേസ് അപ്ഡേറ്റ് ചെയ്യാത്തത് ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാന ചോർച്ചക്ക് കാരണമാകുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. വാർഡുകളുടെ വിവരശേഖരണം പൂർത്തീകരിച്ച് വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

**1-11 സഞ്ചയയിൽ ഉപയോഗക്രമം കൃത്യമല്ല**

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസ്, 2024-25 സാമ്പത്തിക വർഷത്തെ നമ്പറിംഗ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഉപയോഗക്രമം തെറ്റായി ചേർത്തതിനാൽ നികുതി നിരക്കിൽ വ്യത്യാസമുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്, കെട്ടിട നമ്പർ, തറ വിസ്തീർണ്ണം | 01.06.2023-ലെ എസ്.സി1-3558/23 നമ്പർ വിജ്ഞാപന പ്രകാരം 2024-25 സാമ്പത്തിക വർഷം ഉൾപ്പെടുത്തേണ്ട | 2024-25 സാമ്പത്തിക വർഷത്തെ നികുതി നിരക്ക്, സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപയോഗക്രമം |
|---|---|---|---|

| | | | |
|---|---|---|---|
| | | നികുതി നിരക്ക് | |
| 1 | മുഹമ്മദ് ഷാജി, അജ്മൽ മൻസിൽ, 16/291B, തറ വിസ്തീർണ്ണം- 147.76 ച. മീ (താഴത്തെ നില-88.91 ച. മീ, ഒന്നാം നില-58.85 ച. മീ) | 9.45/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ വരെയുള്ളവ | 10.5/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ |
| 2 | സിന്റോ തോമസ്, പാലത്തിങ്കൽ, 6/106D, തറ വിസ്തീർണ്ണം- 167.07 ച. മീ (താഴത്തെ നില-104.58 ച. മീ, ഒന്നാം നില-62.49 ച. മീ) | 9.45/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ വരെയുള്ളവ | 10.5/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ |
| 3 | പ്രതാപൻ ജി., ശ്രീകൃഷ്ണവിലാസം, 8/60D, തറ വിസ്തീർണ്ണം-30.5 ച.മീ | -- | 10.5/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ |
| 4 | ബിന്ദു എസ്., ബി നിവാസ്, 9/131A, തറ വിസ്തീർണ്ണം-39.48 ച.മീ | -- | 10.5/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ |

| | | | |
|---|---|---|---|
| | | | മുകളിലുള്ളവ |
| 5 | ശശിലാൽ, ഗോകുലം വീട്, 11/45/A, തറ വിസ്തീർണ്ണം- 196.83 ച. മീ (താഴത്തെ നില-125.24 ച. മീ, ഒന്നാം നില-71.59 ച. മീ) | 9.45/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ വരെയുള്ളവ | 10.5/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ |
| 6 | രതീഷ് വി, വാദ്ധ്യാർപറമ്പിൽ, 16/199B, തറ വിസ്തീർണ്ണം-150.9 ച. മീ (താഴത്തെ നില-101.52 ച. മീ, ഒന്നാം നില-49.38 ച. മീ) | 9.45/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ വരെയുള്ളവ | 10.5/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ |
| 7 | മുഹമ്മദ് ഷാജി, നസൈബ ബീവി, അജ്മൽ മൻസിൽ, 16/291B, തറ വിസ്തീർണ്ണം- 147.76 ച. മീ (താഴത്തെ നില-88.91 ച. മീ, ഒന്നാം നില-58.85 ച. മീ) | 9.45/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ വരെയുള്ളവ | 10.5/ച.മീ, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ |

സഞ്ചയയിൽ ഉപയോഗക്രമം, നികുതി നിരക്ക് എന്നിവയുടെ വ്യത്യാസം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.08/12.06.2025) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം സഞ്ചയസോഫ്റ്റ് വെയറിൽ നികുതി നിർണ്ണയിക്കുന്നതിനായി ഫോം 6 ഡേറ്റാ എൻട്രി നടത്തിവരുമ്പോൾ ഉപയോഗ ക്രമത്തിന്റെ ഡ്രോപ്പ് ഡൌൺ ബട്ടണിൽ ഉണ്ടായിരുന്ന വിവിധ ഓപ്ഷനുകളിൽ പാർപ്പിടാവശ്യത്തിനുള്ളവയുടെ 300ച.മീ വരെയുള്ളവ, 300ച.മീ മുകളിലുള്ളവ എന്ന തരത്തിൽ രണ്ട് വ്യത്യസ്ത ഓപ്ഷനുകൾ കാണപ്പെട്ടിരുന്നില്ലായെന്നും,

കെ-സ്മാർട്ടിൽ ടി പിഴവുകൾ പരിഹരിക്കുന്നതിന് ഓപ്ഷൻ വരുന്ന മുറയ്ക്ക് നികുതി നിരക്ക് കൃത്യമാക്കി നൽകുന്നതാണ് എന്നുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നികുതി നിരക്ക് കൃത്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പൂർണ്ണമായും ഈടാക്കിയില്ല

I) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, ഇല്ലിച്ചിറ | II അർദ്ധവർഷം |
| 2 | റേഷൻ ഷോപ്പ് എ.ആർ.ഡി 212 | II അർദ്ധവർഷം |

II) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 2 | കണ്ണാട്ട് ഫിൻഗോൾഡ് | I അർദ്ധവർഷം |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ, തീയതി എന്നിവ സഹിതം വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 9/12.06.2025) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നറിയിച്ചു. ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കേണ്ടതാണ്. കേരള പഞ്ചായത്തിരാജ് നിയമങ്ങളിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല.

സഞ്ചയ സോഫ്റ്റ് വെയറും -ലൈസൻസ് രജിസ്റ്ററും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ/ഉടമസ്ഥന്റെ പേര്, ഉപയോഗക്രമം | വാർഡ് നം./കെട്ടിട നം. |
|---|---|---|
| 1 | ലെജി വർഗ്ഗീസ്, പെരുമ്പളത്ത് വീട്ടിൽ, ആലപ്പുഴ, ഫ്യുവൽ സ്റ്റേഷൻ | 1/446 |
| 2 | എം.നിസ്സാം, ഗാബിസ് ഫ്യുവൽസ് (നിസ്സാം മൻസിൽ, മാനേജിംഗ് പാർട്ണർ -പ്രീമിയര് മറൈൻ ഫുഡ്സ് കമ്പിനി), കരൂർ, അമ്പലപ്പുഴ, ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ(സഞ്ചയ പ്രകാരം | 4/1 |

| | | |
|---|---|---|
| | ഉപയോഗക്രമം) | |
| 3 | വേലപ്പൻപിള്ള, കമലാലയം, റിസോർട്ടുകൾ | 8/378 |

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 7/12.06.2025) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഗാബിസ് പെട്രോൾ പമ്പിന്റെ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ ഫയർഫോഴ്സിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കിയിരുന്നില്ലയെന്നും ആയത് ഹാജരാക്കുന്ന മുറയ്ക്ക് ലൈസൻസ് നൽകുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്, ക്രമ നം.1, ക്രമ നം.3 എന്നിവ പ്രകാരമുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥർക്ക് ഇത് സംബന്ധിച്ച് കത്ത് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 ടവർ നിർമ്മാണം -വസ്തുനികുതി ചുമത്തിയില്ല

വാർഷിക കണക്ക് പ്രകാരം Fee For The Erection Of Telecommunication Towers/ Poles / Structures/ Accessory Rooms എന്ന ഇനത്തിൽ 20,000/- രൂപ 2024-25 വർഷം പഞ്ചായത്തിൽ വരവുണ്ട്. 22.04.2024-ൽ അസൻഡ് ടെലികോം എന്ന സ്ഥാപനം 1241200140 രസീത് പ്രകാരം 10,000/- രൂപയും, 27.05.2024 ൽ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം **1241300148** രസീത് പ്രകാരം **10,000/-** രൂപയും അടവാക്കിയിട്ടുണ്ട്. മേൽ പ്പറഞ്ഞ ടവറുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നത് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/10.06.2025 ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് ടവർ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്നും, അസൻഡ് ടെലികോം ഇൻഫ്രാസ്ട്രക്ചർ എന്ന സ്ഥാപനം പൂർത്തീകരണ അപേക്ഷയുടെ ആദ്യ ഘട്ടമായ ഇംപോർട്ട് യുവർ പെർമിറ്റ് എന്ന സർവ്വീസ് മുഖേന കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ അപേക്ഷ നൽകിയിട്ടുണ്ട് എന്നാണറിയിച്ചിട്ടുള്ളത്. ഇൻഡസ് ടവേഴ്സ് നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്കും, അസൻഡ് ടെലികോം ഇൻഫ്രാസ്ട്രക്ചർ എന്ന സ്ഥാപനത്തിന്റെ ടെലികമ്മ്യൂണിക്കേഷൻ ടവറിൽ ഫീൽഡ് തല പരിശോധന നടത്തിയും, ടവറുകളെ വസ്തുനികുതി ചുമത്തി ഫോറം -6 ന്റെ പകർപ്പ് സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-15 ഹൈവേ വികസനം - പഞ്ചായത്ത് കെട്ടിടത്തിന്റെ സ്ഥലവും കെട്ടിടവും നഷ്ടപ്പെട്ടതിന്റെ തുക ലഭ്യമായില്ല

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള പുറക്കാട് വില്ലേജിൽ ബ്ലോക്ക് നം.18ൽ പ്പെട്ട റീസർവ്വേനം.-229/6 (തണ്ടപ്പേർ നം.-2482) ൽ ഉൾപ്പെട്ട 7.4 ആർസ് സ്ഥലത്തിൽ നിന്നും 3.42ആർസ് വസ്തു നഷ്ടപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നഷ്ടപരിഹാര തുക ലഭ്യമായിട്ടില്ല. നഷ്ടപരിഹാര തുക ലഭിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി മുൻപാകെ രേഖകൾ ഹാജരാക്കിയതിൽ അസ്സൽ ആധാരം നഷ്ടപ്പെട്ടിട്ടുള്ളതിനാൽ പുറക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കുന്ന 500/1980 നമ്പർ ആധാരത്തിന്റെ അടയാള സഹിതം പകർപ്പിന്റെ അടിസ്ഥാനത്തിൽ നഷ്ട പരിഹാരതുക വിതരണം ചെയ്യുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങൾ ഉണ്ടോയെന്നറിയുന്നതിന് പത്രപ്പരസ്യം (LAC No-507/2020/PKD/BL18 തീയതി.19.09.2024) നൽകുകയും ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ ദേശീയപാത വികസനത്തിനായി വായനശാല, മൃഗാശുപത്രി എന്നിവയുടെ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. 2022 ൽ ഹൈവേ വികസനത്തിനായി സ്ഥലം ഏറ്റെടുത്തതോടെ ലൈബ്രറി പൊളിച്ച് നീക്കിയിരുന്നു. നിലവിൽ പഞ്ചായത്ത് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ താൽക്കാലികമായി പ്രവർത്തിക്കുന്നതിനാൽ അവധി ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് ലൈബ്രറിയുടെ സേവനം വിനിയോഗപ്പെടുത്താൻ സാധിക്കുന്നില്ലയെന്നും, 2022 അവസാനം മുതൽ ലൈബ്രറിയുടെ പ്രവർത്തനം നിശ്ചലമായതിനാൽ അംഗത്വ ഫീസിനത്തിലും ലൈബ്രറിക്ക് നഷ്ടം ഉണ്ടായിട്ടുണ്ടെന്നും 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പ്രതിപാദിച്ചിരുന്നു. പൊതുജനങ്ങൾക്ക് ലൈബ്രറിയുടെ സേവനം ലഭ്യമാക്കുന്ന

രീതിയിൽ പ്രവർത്തിക്കാൻ / പുതിയ കെട്ടിടം പണിയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ, നാഷണൽ ഹൈവേ വികസനത്തിനായി ഏറ്റെടുത്തതിൽ അവശേഷിക്കുന്ന സ്ഥലം പ്രയോജനപ്രദമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, മൃഗാശുപത്രി നിലവിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്, അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാണോ അല്ലായെങ്കിൽ പുതിയ കെട്ടിടം പണിയാൻ സ്വീകരിച്ച നടപടികൾ, നഷ്ട പരിഹാര തുക ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർനടപടി വിവരം എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 23/17.06.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. നഷ്ട പരിഹാര തുക ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വെള്ളക്കരം ഒടുക്കുന്നില്ല

തനത് ഫണ്ട് വൌച്ചർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷം വെള്ളക്കരം ഒടുക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ 06.03.2025-ലെ ബിൽ നം. 93790 പ്രകാരം ആകെ 441 ടാപ്പുകൾക്ക് 14,559.12 രൂപ നിരക്കിൽ വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുണ്ട്. ബില്ല് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Closing Balance As On 28.02.2025=15,36,61,517/-
Fine = 30,14,310/-
Demand For The Month =5,35,043/-
ആകെ = 15,72,10,870/-

വെള്ളക്കരം ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 23/17.06.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. 2024-25 സാമ്പത്തിക വർഷം ഉപയോഗ ശൂന്യമായ കുടിവെള്ള പൈപ്പ് ലൈൻ കട്ട് ചെയ്യൽ എന്ന പ്രവൃത്തിയ്ക്കായി 9,34,000 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്(പ്രോജക്ട് നം.S0225/25,നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി). ആയത് പൂർത്തീകരിച്ച് വെള്ളക്കരം കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചറും ലാപ്ടോപ്പും വിതരണം- ആവശ്യകത നിർണ്ണയിക്കാതെ പർച്ചേസ് നടത്തി

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കടലോര/ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വാങ്ങൽ

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | കടലോര മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ. പ്രോജക്ട് നം.-S0076/25 | ₹3,96,000 (വികസനഫണ്ട് ജനറൽ) | ₹3,86,100 (വികസനഫണ്ട് ജനറൽ) | BRN.497943, Dtd 11.03.2025, ₹386100/- |
| 2 | ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ. പ്രോജക്ട് നം.-S0078/25 | ₹72,000 (വികസനഫണ്ട് ജനറൽ) | ₹70,200 (വികസനഫണ്ട് ജനറൽ) | BRN.497947, Dtd 11.03.25, ₹70,200/- |

ഫർണ്ണീച്ചർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സിഡ്കോ, കടവന്ത്ര യുടെ ടെണ്ടർ 04.12.24-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നം തീരുമാന പ്രകാരം അംഗീകരിച്ച് കരാറിൽ ഏർപ്പെട്ട് 5,850/- രൂപ നിരക്കിൽ മേശയും കസേരയും പർച്ചേസ് ചെയ്തിട്ടുണ്ട്. ക്രമ നം. 1 ലെ പ്രോജക്ട് പ്രകാരം പർച്ചേസ് ചെയ്ത 66 യൂണിറ്റുകളിൽ 47 എണ്ണവും ക്രമനം 2 പ്രോജക്ട് പ്രകാരം പർച്ചേസ് ചെയ്ത 12 യൂണിറ്റുകളിൽ 8 എണ്ണവും മാത്രമാണ് നിലവിൽ വിതരണം ചെയ്തിരിക്കുന്നത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രം ആനുകൂല്യം

നൽകേണ്ടതും സ്കൂൾ അധികൃതർ നൽകുന്ന ലിസ്റ്റ് പ്രകാരം പർച്ചേസ് നടത്തി സ്കൂൾ മുഖേന വിതരണം നടത്തി തൊട്ടടുത്ത ഗ്രാമസഭയിൽ ലിസ്റ്റിന് അംഗീകാരം വാങ്ങേണ്ടതാണെങ്കിലും അപ്രകാരമല്ല ഫർണ്ണീച്ചർ വിതരണം നടത്തി വരുന്നത്.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 2024-25 വർഷം പർച്ചേസ് ചെയ്ത ഫർണ്ണീച്ചറുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്. ആയതു പ്രകാരം 2024-25 ൽ +2 പഠനം പൂർത്തിയാക്കിയ ബെൻസൺ ആന്റണി എന്ന വിദ്യാർത്ഥി 07.4.2025-ൽ അപേക്ഷ സമർപ്പിച്ച് 24.4.25-ൽ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നത്.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/16.6.25) ലഭ്യമാക്കിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ജനപ്രതിനിധികൾ തമ്മിലുള്ള തർക്കം മൂലമാണ് ഫർണ്ണീച്ചറുകളും ലാപ്പ്ടോപ്പും വിതരണം നടത്തുന്നതിന് കാലതാമസമുണ്ടായതെന്നും ഉടൻ വിതരണം പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചു. കടലോര/ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുവേണ്ടി വാങ്ങി വിതരണം ചെയ്യാതെ അവശേഷിക്കുന്ന 23 യൂണിറ്റ് (19 + 4)ഫർണ്ണീച്ചറുകൾക്കായി ചെലവഴിച്ച 1,34,550/- രൂപയും (23x5850) +2 പഠനം പൂർത്തിയാക്കിയ ശേഷം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിനായി ചെലവഴിച്ച 5,850/- രൂപയുമുൾപ്പെടെ ആകെ 1,40,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്. പ്രോജക്ട് നം.-S0071/25 |
| അടങ്കൽ | ₹12,00,000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹2,00,000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം./ തീയതി | BRN.668922, Dtd 24.03.2025, ₹2,00,000/- |

ടി പ്രോജക്ട് പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിതരണം നടത്തുന്നതിനായി 30 ലാപ്ടോപ്പുകൾ 33,654.32/- രൂപ നിരക്കിൽ GeM പോർട്ടൽ മുഖേന പർച്ചേസ് ചെയ്തെങ്കിലും നിലവിൽ 7 എണ്ണം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷം ഫണ്ടിലെ കുറവ് മൂലം ₹2,00,000 രൂപ മാത്രമാണ് ലാപ്ടോപ്പ് പർച്ചേസിനായി സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ലാപ്ടോപ്പുകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഉപയോഗ ശൂന്യമായ കുടിവെള്ള പൈപ്പ് ലൈൻ കട്ട് ചെയ്യൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്ട് നം. - S0225/25

പ്രോജക്ടിന്റെ പേര് - ഉപയോഗ ശൂന്യമായ കുടിവെള്ള പൈപ്പ് ലൈൻ കട്ട് ചെയ്യൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 934000 | 934000 (ബിൽ നം. 239/26.11.24 തുക.934000) |

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉപയോഗ ശൂന്യമായ പബ്ലിക് ടാപ്പ് നീക്കം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 9,34,000 രൂപ ഡെപ്പോസിറ്റ് ചെയ്തു. പ്രവൃത്തിക്കായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ 07.02.24-ലെ WRD/KWA-CE(CR)/EST/20918/2023-5-1-1 നം. എസ്റ്റിമേറ്റ് പ്രകാരം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷന്റെ, എസ്.ബി.ഐ. എ.ഡി.ബി.ബ്രാഞ്ച്, ആലപ്പുഴയുടെ 10449288175 നം.അക്കൗണ്ടിൽ തുക നൽകി. പ്രവൃത്തിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ചമച്ച കരാർ വ്യവസ്ഥ 5 പ്രകാരം പ്രവൃത്തിയുടെ മുഴുവൻ തുകയും ലഭിച്ച് 5 മാസത്തിനകം പ്രവൃത്തി

പൂർത്തിയാക്കേണ്ടതാണ്. തുകയുടെ കൈപ്പറ്റ് രശീതും, പ്രവൃത്തി പൂർത്തീകരിച്ച രേഖ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറി, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 18.02.25-ൽ എസ്.സി3-773/23 നം.കത്ത് നൽകി. എന്നാൽ രേഖകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദീകരണം രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/16.06.25 ന് മറുപടി ലഭ്യമാക്കിയില്ല. 9,34,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **1-19 സുഭിക്ഷ കേരളം-ചട്ടിയിൽ പച്ചക്കറി കൃഷി -ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി**

പ്രോജക്ട് നം. - S0074/25

പ്രോജക്ടിന്റെ പേര് - സുഭിക്ഷ കേരളം-ചട്ടിയിൽ പച്ചക്കറി കൃഷി

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 9,42,000 | 9,42,000 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) | 3,14,000 | 2,62,500 |
| ആകെ അടങ്കൽ | 12,56,000 | 12,04,500 |

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും 628 ഗുണഭോക്താക്കൾക്കായി പത്ത് വീതം 12 ഇഞ്ച് വലിപ്പമുള്ള മൺ ചട്ടികൾ /HDPI ചട്ടികൾ (1 ചട്ടിയ്ക്ക് 200 രൂപ-സബ്സിഡി-150 രൂപ, ഗുണഭോക്തൃവിഹിതം -50 രൂപ ആകെ 6280 ചട്ടി) KAICO, RAIDCO മുതലായ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങി വിതരണം ചെയ്യാനാണ് പ്രോജക്ട് വിഭാവനം ചെയ്തത്.

KAICO അമ്പലപ്പുഴ,തിരുവല്ല, കൊട്ടാരക്കര എന്നിവിടങ്ങളിൽ നിന്ന് HDPE BLOW POT 12 ഇഞ്ച്, VEGETABLE SEEDLINGS WITH POTTING MIXTURE എന്നിവ വാങ്ങിയതിന്റെയും കെയ്ക്കോയ്ക്ക് തുക നൽകിയതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ചട്ടിയുടെ എണ്ണം | നിരക്ക് | തുക | നൽകിയ തുക | | ബിൽ നം./തീയതി (വികസനഫണ്ട്) |
|---|---|---|---|---|---|---|---|
| | | | | | വികസനഫണ്ട് @150 | ഗുണഭോക്തൃവിഹിതം (ചെക്ക് നം./തീയതി)@50 | |
| 1 | V-1427A/24-25 /20.02.25 | 1020 | 200 | 2,04,000 | 153000 | 102000 (110935/25.03.25) | 11/12.03.25 |
| 2 | V-1461A/24-25 /25.02.25 | 1000 | 200 | 2,00,000 | 153000 | | 12/12.03.25 |
| 3 | V-1928A/24-25 /27.03.25 | 20 | 200 | 4,000 | | | |
| 4 | 1876/24.02.25 | 2040 | 200 | 4,08,000 | 306000 | 102000 (110935/25.03.25) | 17/17.03.25 |
| 5 | AMB/463 /24-25 /20.02.25 | 1020 | 200 | 2,04,000 | 153000 | 16000 (110944/29.03.25) | 16/17.03.25 |
| 6 | AMB/464 /24-25 /21.02.25 | 1020 | 200 | 2,04,000 | 153000 | 12500 (110943/29.03.25) | 18/17.03.25 |
| 7 | AMB/535 /24-25 /19.03.25 | 160 | 200 | 32,000 | 24000 | 30000 (110944/29.03.25) | 20/24.03.25 |
| | | 6280 | | 12,56,000 | 942000 | 262500 | |

525 ഗുണഭോക്താക്കളിൽ നിന്ന് പത്ത് ചട്ടികളുടെ ഗുണഭോക്തൃ വിഹിതമായി 500 രൂപ വീതം ആകെ 2,62,500 രൂപ ഈടാക്കി കെയ്ക്കോയ്ക്ക് നൽകിയിട്ടുണ്ട്. 103 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം

ഈടാക്കിയിട്ടില്ല. ആയതിനാൽ 51,500 രൂപ കെയ്ക്കോയ്ക്ക് നൽകിയിട്ടില്ല. 525 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം ഒടുക്കിയത്. എന്നാൽ 628 പേർക്കായി 6280 ചട്ടികൾ വാങ്ങി. വിതരണ രജിസ്റ്ററിൽ 600 ഗുണഭോക്താക്കളുടെ പേരുവിവരം എഴുതി ചേർത്തിട്ടുണ്ട്. എന്നാൽ 247 പേർ മാത്രമാണ് കൈപ്പറ്റിയതായി ഒപ്പിട്ടിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. 6280 ചട്ടികൾ വാങ്ങിയതിൽ 6260 എണ്ണം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മേൽ ചേർത്ത പട്ടിക ക്രമ നം.4 പ്രകാരം വാങ്ങിയ 20 ചട്ടികൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.30/18.06.25) മറുപടി ലഭ്യമാക്കിയില്ല. സപ്ലേ ചെയ്യാത്തതും സ്റ്റോക്കിലെടുക്കാത്തതുമായ 20 ചട്ടികളുടെ വിലയായി കെയ്കോ തിരുവല്ലയ്ക്ക് നൽകിയ 4,000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഗുണഭോക്താക്കളെ നിശ്ചയിക്കാതെയും ഗുണഭോക്തൃ വിഹിതം ശേഖരിക്കാതെയുമാണ് 1030 (6280-5250) ചട്ടികളുടെ വില അനുവദിക്കപ്പെട്ടത്. 1030 ചട്ടികളുടെ വിലയിനത്തിൽ അനുവദിച്ച 1,54,500 (ഗുണഭോക്തൃവിഹിതം നൽകിയിട്ടില്ല) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിതരണരേഖകൾ പ്രകാരം ഗുണഭോക്തൃ വിഹിതം ഒടുക്കിയ 525 പേരിൽ ചട്ടികൾ കൈപ്പറ്റിയത് 247 പേരാണ്. 278 പേർ ചട്ടികൾ കൈപ്പറ്റിയിട്ടില്ല. അതായത് 2780 ചട്ടികൾ കൈപ്പറ്റിയിട്ടില്ല. ആയതിൽ സപ്ലേ ചെയ്യാത്ത (മുകളിൽ സൂചിപ്പിച്ച) 20 ചട്ടികൾ കഴിച്ച് ബാക്കി 2760 (2780-20) ചട്ടികളുടെ വിലയായ 5,52,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇപ്രകാരം ഒട്ടാകെ 7,06,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 എസ്.സി.കുട്ടികൾക്ക് പഠനമുറി നിർമ്മാണം-മുൻകൂർ കൈപ്പറ്റി, പ്രവൃത്തി ആരംഭിച്ചില്ല

പ്രോജക്ക് നം. - S0140/25 (സ്പിൽ ഓവർ)

പ്രോജക്കിന്റെ പേര് - എസ്.സി.കുട്ടികൾക്ക് പഠനമുറി നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 4,00,000 | 4,00,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4,00,000 | 50,000 |
| ആകെ | 8,00,000 | 4,50,000 |

പഠനമുറി നിർമ്മാണത്തിന് സുദർശനൻ, പുതുവൽ, തോട്ടപ്പള്ളി എന്ന ഗുണഭോക്താവ് 03.02.24-ൽ കരാർ ചമയ്ക്കുകയും മുൻകൂർ ഇനത്തിൽ 50,000 രൂപ കൈപ്പറ്റുകയും ചെയ്തു. (ബിൽ നം.3/24-25/15.06.24). എന്നാൽ നിർമ്മാണം ആരംഭിച്ചില്ല. 30.01.25 നകം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് അസിസ്റ്റന്റ് സെക്രട്ടറി 09.01.25-ൽ എസ്.സി.3/771/24 നം.കത്ത് നൽകി. തുടർ നടപടി വിവരങ്ങൾ രേഖാമൂലം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/17.06.25), പഠനമുറി നിർമ്മാണം ആരംഭിച്ചുവെന്ന് മറുപടി ലഭ്യമാക്കി. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതുവരെ മുൻകൂർ നൽകിയ തുക 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത ഡിപ്പോസിറ്റ് വർക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

എ) പ്രോജക്ക് നം - S0207/25 (സ്പിൽ ഓവർ)

പ്രോജക്കിന്റെ പേര് - വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 5,350 | 0 |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 5,00,000 | 5,00,000 |
| ആകെ | 5,05,350 | 5,00,000 |

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. തകഴി, കരുവാറ്റ, അമ്പലപ്പുഴ യുടെ എസ്റ്റിമേറ്റുകൾ പ്രകാരം തുക അനുവദിച്ച് നൽകി.

കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് പ്രകാരം തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | എസ്റ്റിമേറ്റ് നം. | എസ്റ്റിമേറ്റ് തുക | നൽകിയ തുക | തുക കൈപ്പറ്റിയ കെ.എസ്.ഇ.ബി. | വൌച്ചർ നം./തീയതി |
|---|---|---|---|---|---|
| 1 | DB/5525 /AE-KVTA /23-24/467 | 1,20,511 | 1,20,511 | കരുവാറ്റ | XVFC/24-25 /P/123 /04.01.25 |
| 2 | AS/23-24 /5101/180 | 7,64,839 | 2,64,839 | അമ്പലപ്പുഴ | |
| 3 | GW-5506/23-24/46 | 1,20,002 | 1,14,650 | തകഴി | |

തുകയുടെ കൈപ്പറ്റ് രശീതും, പ്രവൃത്തി പൂർത്തീകരിച്ച രേഖ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. തകഴി, കരുവാറ്റ, അമ്പലപ്പുഴക്ക് 14.01.25-ൽ സെക്രട്ടറി, എസ്.സി3-773/23 നം.കത്തുകൾനൽകി. എന്നാൽ രേഖകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

ബി) പ്രോജക്റ്റ് നം - S0034/25

പ്രോജക്റ്റിന്റെ പേര് - ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 2,83,422 | 1,99,096 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 16,578 | 0 |
| ആകെ | 3,00,000 | 1,99,096 |

പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പദ്ധതി.

അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. കരുവാറ്റ, അമ്പലപ്പുഴ യുടെ എസ്റ്റിമേറ്റുകൾ പ്രകാരം തുക അനുവദിച്ച് നൽകി.

തുക നൽകിയതിൽ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | എസ്റ്റിമേറ്റ് നം. | എസ്റ്റിമേറ്റ് തുക | നൽകിയ തുക | തുക കൈപ്പറ്റിയ കെ.എസ്.ഇ.ബി. | ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | RW/5505 /24-25/90 | 74,963 | 74,963 | അമ്പലപ്പുഴ | 26/24-25 /28.12.24 |
| 2 | CW/5505 /24-25/100 | 89,767 | 89,767 | അമ്പലപ്പുഴ | 43/24-25 /25.03.25 |

തുകയുടെ കൈപ്പറ്റ് രശീതും, ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. അമ്പലപ്പുഴക്ക് 10.01.25, 29.03.25 തീയതികളിൽ സെക്രട്ടറി(എസ്.സി3-773/23 നം.)കത്തുകൾ നൽകി. എന്നാൽ രേഖകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.20/17.06.25) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ (എ) പ്രകാരമുള്ള 5,00,000 രൂപയുടെയും (ബി) പ്രകാരമുള്ള 1,64,730 രൂപയുടെയും ഒട്ടാകെ 6,64,730 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല**

ജി.ഒ. (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴയൊന്നും തന്നെ ഈടാക്കിയില്ല. കൂടാതെ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ, 2012 ലെ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2116-1 ൽ അനുശാസിക്കുന്ന വിധം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലികിഡിറ്റി ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഇവിടെ ഇപ്രകാരം കോമ്പൻസേഷൻ കുറവു ചെയ്യാതെയാണ് ഫൈനൽ ബിൽ തുക നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. /പേര് | കരാറുകാരൻ/എഗ്രിമെന്റ്നം./ പി.എ.സി, പ്രവൃത്തി ആരംഭിച്ച തീയതി | പൂർത്തീകരണ കാലാവധി/ പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി/ കാലതാമസം | ഈടാക്കേണ്ട ലികിഡേറ്റഡ് ഡാമേജ് | ബിൽ നം. തീയതി/തുക |
|---|---|---|---|---|---|---|
| 1 | അങ്കണവാടി നം.80 മെയിന്റനൻസ് വാർഡ്-5(so185/25) | അജിത്ത് ബി. 36/AE/LID&EW/PKD23-24 തീയതി-16.3.24 2,75,445/- 26.3.24 | 3-മാസം 25.6.24 | 12.9.24 11ആഴ്ച | 275445/-X 1.1% = 3030 | 522/30.12.24 120909/- |
| 2 | വടക്കകം റോഡ് മെയിന്റനൻസ് -വാർഡ് 4(so287/25) | സുനിൽ എം. 5/AE/LID&EW/PKD/23-24 തീയതി-5.9.23 3,26,291/- 12.9.23 | 6- മാസം 11.3.24 | 13.11.24 35 ആഴ്ച | 326291 X 3.5% = 11420 | 414&15/15.11.24 385016/- |
| 3 | അനച്ചക്കാട് പനയ്ക്കൽ അപ്പാത്തിക്കരി തോടുകൾ ശുചീകരണം, വാർഡ്-23(so197/25) | ബൈജു.വി 23/AE/LID&EW/PKD/23-24 തീയതി- 19.2.24 11,19,270/- 22.2.24 | 3-മാസം 21.5.24 | 6.11.24 24 ആഴ്ച | 11,19,270 X 2.4% =26862 | 415/15.11.24 6,00,000/- |
| ആകെ | | | | | 41312 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/16.6.25), ഫൈൻ അടവാക്കുന്നതിന് കരാറുകാരെ അറിയിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യാഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചിട്ടുള്ള വിധം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ലികിഡേറ്റഡ് ഡാമേജ് കുറവ് ചെയ്യാതെ അധികം നൽകിയ 41,312/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

**1-23 കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും ഈടാക്കിയില്ല**

പുറക്കാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടി.യുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും 281/-രൂപ നിരക്കിൽ കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | ഫണ്ടിനം/ കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | എൻ.എച്ച്. കുമ്പളശ്ശേരി പുരയ്ക്കൽ റോഡ് മെയിന്റനൻസ് (ടാറിംഗ്)- വാർഡ് -2 | മെയിന്റനൻസ് ഗ്രാന്റ് റോഡ് മധുരാജ് ആർ. | 21ബാരൽ | 5,901 | 550/13.01.25 108583/- |
| ആകെ | | | | 5,901 | |

മേൽ സൂചിപ്പിച്ചവിധം കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കുറവ് ചെയ്യാതെ ഫൈനൽ ബിൽ നൽകിയതിനാൽ 5,901/- രൂപ കരാറുകാരന് അധികം നൽകുവാനിടയായി. ടി വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/17.6.25) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 5,901/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

**1-24 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-ചെലവു രേഖകൾ ഹാജരാക്കിയില്ല**

ഗ്രാമ പഞ്ചായത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പ്രവൃത്തികളിൽ മെറ്റീരിയിൽസ് സപ്ലൈ ചെയ്യുന്നതിനായി കരാർ ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് അവർ സപ്ലൈ ചെയ്ത മെറ്റീരിയൽസിന് കരാർ പ്രകാരമുള്ള തുക നൽകിയതിന് പുറമേ Sundries ഇനത്തിലും തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | സൺട്രീസ് ഇനത്തിൽ നൽകിയ തുക | എഫ്.ടി.ഒ നം.തീയതി,തുക |
|---|---|---|---|---|
| 1 | വാർഡ് - 13-ഗവ.എൽ.പി.സ്കൂൾ തോട്ടപ്പള്ളി, പാചകപ്പുര നിർമ്മാണം AV/285908 എം.ബുക്ക് നം.19/23-24 പേജ് | സജിമോൻ ആർ. | 2053.54 | 9311/6.12.24 141915/- |

| | | | | |
|---|---|---|---|---|
| | നം.21. | | | |
| 2 | വാർഡ് 3 കരുർ ഗവ. എൽ.പി.സ്കൂൾ ചുറ്റുമതിൽ നിർമ്മാണം AV/285905 | ശ്യാംകുമാർ കെ. | 2814.80 | 28676/16.4.24 129177/- |
| | ആകെ | | 4868.34 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/17.6.25) മറുപടിയായി ട്രോളി, മറ്റുപകരണങ്ങൾ തുടങ്ങിയവയ്ക്ക് വാടക നല്കിയിട്ടുണ്ടെന്നും ആയതിന്റെ ചെലവു രേഖകൾ ഉൾപ്പെടുത്തുന്നുവെന്നും, ടി തുകയാണ് സൺടീസ് ആയി ഉൾപ്പെടുത്തിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മറുപടിയെ സാധൂകരിയ്ക്കുന്ന ചെലവുരേഖകൾ മറുപടിയ്ക്കൊപ്പം ഉൾപ്പെടുത്തിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

**1-25 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- റിവൈസ്ഡ് എസ്റ്റിമേറ്റില്ലാതെ പ്രവൃത്തി നടപ്പാക്കി**

ഗ്രാമ പഞ്ചായത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ കയർ ഭൂവസ്ത്രം ഉപയോഗിച്ചിട്ടുള്ള പ്രവൃത്തികളിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സപ്ലൈ ചെയ്ത കയർഭൂവസ്ത്രം മുറിച്ച് തോടിന്റെ സൈഡിൽ വിരിയ്ക്കുന്ന പ്രവൃത്തിയ്ക്കായി ആകെ വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവിലും കൂടിയ അളവ് രേഖപ്പെടുത്തി, ലേബർചാർജ്ജ് ഇനത്തിൽ അധിക തുക അനുവദിച്ചിട്ടുണ്ട്. കയർ കോർപ്പറേഷൻ സപ്ലൈ ചെയ്ത കയർ ഭൂവസ്ത്രത്തിൽ കൂടിയ അളവു എം.ബുക്കിൽ രേഖപ്പെടുത്തി, കയർ ഭൂവസ്ത്രം മുറിച്ച് വിരിയ്ക്കുന്നതിനായുള്ള ലേബർ ചാർജ്ജിനത്തിൽ തുക നല്കാനിടയായതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എം.ബുക്ക് നം./പേജ് നം./ കയർ കോർപ്പറേഷനിൽ നിന്നും വാങ്ങിയ ഭൂവസ്ത്രത്തിന്റെ അളവ്($m^2$) | കയർ ഭൂവസ്ത്രം മുറിച്ച് വിരിയ്ക്കുന്നതിന് കണക്കാക്കിയ ഭൂവസ്ത്രത്തിന്റെ അളവ്($m^2$)/നിരക്ക് | അധിക അളവ്/തുക | എഫ്.ടി.ഒ. |
|---|---|---|---|---|---|
| 1 | വാർഡ് - 18 തോട്ട നവീകരണം- വാർഡിന്റെ തെക്കേയറ്റം മുതൽ വിശ്വകുമാരി പുതുവൽ വസതി വരെ FP/407672 | 445/24-25 പേജ് നം. 4 210 $M^2$ Limited To 200m2 (Overlapping) | 200 +36 =236@ 85.116/$m^2$ | 36 @85.116= 3064.17 | 1094376/6.3.25 81765/- |
| 2 | വാർഡ് - 18 തോട്ട നവീകരണം- സിന്ധുപ്രശോഭൻ വസതി മുതൽ ബാബു പുതുവൽ | 446/24-25 പേജ് നം. 4 210 $M^2$ Limited To 200m2 (Overlapping) | 200 +62 =262@ 85.116/$m^2$ | 62@85.116 = 5277.19 | 1094892/31.3.25 103207/- |

| | | | | | |
|---|---|---|---|---|---|
| | വസതിവരെ FP/407674 | | | | |
| | ആകെ | | | 8341.36 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(27/17.6.25) മറുപടിയായി തൊഴിലാളികൾ തന്നെ പ്രാദേശീകമായി കണ്ടെത്തിയ കയറാണ് ഉപയോഗിച്ചിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം വാങ്ങിയ അളവിന് മാത്രമാണ് വിരിയ്ക്കുന്നതിനായി ലേബർചാർജ്ജ് നല്കാവുന്നത്.(600$m^2$ വാങ്ങുമ്പോൾ 600m2 വിരിയ്ക്കുന്നതിനുള്ള തുക നല്കാം.) വില നല്കാതെ തൊഴിലാളികൾ പ്രദേശീകമായി ശേഖരിച്ച കയർ വിരിയ്ക്കുന്നതിനായി ലേബർ ചാർജ്ജ് അനുവദിക്കുമ്പോൾ എസ്റ്റിമേറ്റിൽ ടി വിവരം ഉൾപ്പെടുത്തി ആയത് റിവൈസ് ചെയ്ത ശേഷമാണ് പ്രവൃത്തി നടപ്പിലാക്കേണ്ടത്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ള വിവരം മറുപടിയൊടൊപ്പം ലഭ്യമാക്കിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടപ്പാക്കിയതെങ്കിൽ ആയതു ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നല്കിയ തുക അക്രഡിറ്റഡ് എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**1-26 കൃഷി ഓഫീസിലെ കണ്ടിജൻസി ചെലവുകൾ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

പ്രോജക്റ്റ് നം - S0075/25

പ്രോജക്റ്റിന്റെ പേര് - കൃഷി ഓഫീസിലെ കണ്ടിജൻസി ചെലവുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1,00,000 | 89,882 |

മേൽ പ്രോജക്റ്റിൽ നിന്നും കൃഷി ഓഫീസിലേക്ക് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇനം | ബിൽ നം./തീയതി | തുക | ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | E Zone Computers, Ambalappuzha | Epson Black Ink | 010/15.03.25 | 1,798 | 21/24.03.25 |
| | St.Thomas Stores, Purakad | Stationary Items | 163/22.03.25 | 889 | |
| 2 | Chanakya, Ambalappuzha | Stationary Items | 282/14.03.25 | 710 | 19/19.03.25 |
| | Chanakya, Ambalappuzha | Stationary Items | 280/14.03.25 | 5,185 | |
| | Current Electricals & Sanitaries, Trikkunnapuzha | Table Fan | 9363/15.03.25 | 5,700 | |
| 3 | Archanaflex, Haripad | Laminated Fabric | AF 319/24.06.24 | 354 | 14/17.03.25 |
| | E Zone Computers, Ambalappuzha | Epson Black Ink | 018/31.08.24 | 899 | |
| | St.Thomas Stores, Purakad | Stationary Items | 134/18.10.24 | 450 | |
| | Chanakya, Ambalappuzha | A4 Paper | 2600/31.12.24 | 280 | |
| | Mylanchi Fancy Footwear & Gift Centre | Bond Paper | 324/06.03.25 | 580 | |

| | | |
|---|---|---|
| ആകെ | 16,845 | |

അപാകത ചുവടെ ചേർക്കുന്നു.

1) മേൽ പട്ടികയിൽ ഉൾപ്പെട്ട സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

2) ക്രമ നം.1 , 3 എന്നിവ പ്രകാരം E Zone Computers , Ambalapuzha നിന്നും Epson Black Ink വാങ്ങിച്ചതിന്റെ ബിൽ നം, തീയതി പൊരുത്തപ്പെടുന്നില്ല.

3) കണ്ടിജൻസി ചെലവുകൾ ബന്ധപ്പെട്ട സ്ഥാപന ഉടമയുടെ അക്കൗണ്ടിൽ നൽകാതെ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂറായി ചെലവഴിച്ച്, പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് തിരികെ വാങ്ങുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.35/18.06.25 ന് മറുപടി ലഭ്യമാക്കിയില്ല.

കണ്ടിജൻസി ചെലവുകൾ ബന്ധപ്പെട്ട സ്ഥാപന ഉടമയുടെ അക്കൗണ്ടിൽ നൽകാതെ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുൻകൂറായി ചെലവഴിച്ച്, പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത അക്കൗണ്ടിലേക്ക് തിരികെ വാങ്ങുന്ന നടപടി ക്രമവിരുദ്ധമാണ്. 16,845/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി, ഫലപ്രാപ്തി.

2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്കീം3, സ്കീം4 എന്നീ ഇനങ്ങളിലാണ് തുക ലഭ്യമായത്. ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി കൾക്ക് കെട്ടിട സൗകര്യങ്ങൾ ഉള്ളതിനാൽ സ്കീം1 ഇനത്തിൽ നിർമ്മാണ പ്രവർത്തികൾക്കായി തുകയൊന്നും ലഭിച്ചിട്ടില്ല. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ തുകയുടെ 97% ചെലവാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ ഫണ്ട് ലഭ്യമായത് 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ ആയതിനാൽ തന്നെ ടി തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ആയത് 2025-26 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതാണെന്നറിയിച്ചു. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിയത് ജീവനക്കാരുടെ ജോലി സുഗമമാക്കാൻ സഹായിച്ചിട്ടുണ്ടെന്നും അതുപോലെ തന്നെ ലാബ് റീ ഏജന്റ്, ടെസ്റ്റ് കിറ്റ്, അനുബന്ധ സാധന സാമഗ്രികൾ എന്നിവ ലഭ്യമാക്കിയതിലൂടെ മെച്ചപ്പെട്ട രോഗനിർണ്ണയ സൗകര്യം രോഗികൾക്ക് നൽകുന്നതിന് സഹായകമായി എന്നും ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ(നം. 2/10.6.2025) അറിയിച്ചു.

പുറക്കാട് ഗ്രാമപഞ്ചായത്തിന് 2021-22 സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് ലഭിച്ചത് 08/2022 ലാണ്. ടി തുക ഉപയോഗിച്ച് 2022-23 സാമ്പത്തിക വർഷം മുതൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. സ്കീം 3, സ്കീം 4 എന്നിവ പ്രകാരമുള്ള പ്രോജക്ടുകൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. സ്കീം 1 ൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റ് സ്കീം 3,4 എന്നിവ പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ

| വർഷം | ഗ്രാന്റിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2022-23 | സ്കീം 3 | 2,64,733 | 2,56,496 | 8,237 |
| 2022-23 | സ്കീം 4 | 1,35,000 | 1,34,594 | 406 |
| 2023-24 | സ്കീം 3 | 9,95,000 | 8,44,466 | 1,50,534 |
| 2023-24 | സ്കീം 4 | 4,12,000 | 4,10,154 | 1,846 |
| 2024-25 | സ്കീം 3 | 4,16,000 | 34,999 | 3,81,001 |
| 2024-25 | സ്കീം 4 | 6,56,000 | 2,850 | 6,53,150 |

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം

| വർഷം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ലഭ്യമായ അധിക വിവരങ്ങൾ/ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2022-23 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻറ് വെൽനെസ്സ് പ്രവർത്തനങ്ങൾ (204/23) സ്കീം 4 | 1,35,000 | 1,34,594 | 406 |
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ (203/23) സ്കീം3 | 2,64,733 | 2,56,496 | 8,237 |
| 2023-24 | മെയിൻ സെന്ററിൽ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ(223/24) സ്കീം4 | 2,72,000 | 2,70,154 | 1,846 |
| 2023-24 | മെയിൻ സെന്ററിൽ ലാബ് റീ ഏജന്റ് ഉപകരണങ്ങൾ വാങ്ങൽ (224/24)സ്കീം.3 | 95,000 | 87,478 | 7,522 |
| 2023-24 | സബ് സെന്ററിൽ ലാബ് റീ ഏജന്റ് ഉപകരണങ്ങൾ വാങ്ങൽ(243/24)സ്കീം.3 | 95,000 | 94,988 | 12 |
| 2023-24 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(221/24) സ്കീം.3 | 8,05,000 | 6,62,000 | 1,43,000 |
| 2023-24 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത്&വെൽനെസ്സ് പ്രവർത്തനങ്ങൾ(222/24) സ്കീം.4 | 1,40,000 | 1,40,000 | ഇല്ല |
| 2024-25 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ(294/25)സ്കീം.4 | 1,38,000 | ഇല്ല | 1,38,000 |
| 2024-25 | സബ് സെന്ററുകളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ(299/25)സ്കീം.3 | 50,000 | ഇല്ല | 50,000 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(297/25) സ്കീം.3 | 1,58,000 | 22,350 | 1,35,650 |
| 2024-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ സബ് സെന്റർ(295/25)സ്കീം.4 | 95,000 | ഇല്ല | 95,000 |

| | | | | |
|---|---|---|---|---|
| 2024-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ മെയിൻസെൻറർ(296/25)സ്കീം.4 | 95,000 | ഇല്ല | 95,000 |
| 2024-25 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(292/25) സ്കീം.3 | 2,08,000 | 12,649 | 1,95,351 |
| 2024-25 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത്&വെൽനെസ്സ് പ്രവർത്തനങ്ങൾ(293/25) സ്കീം.4 | 3,28,000 | 2,850 | 3,25,150 |

<u>ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ, ചെലവഴിച്ച തുക എന്നിവയുടെ വിവരങ്ങൾ</u>

| ഉപകരണങ്ങൾ | ചെലവഴിച്ച തുക |
|---|---|
| ഡെസ്ക്ടോപ്, ലാപ്ടോപ്, യു.പി.എസ്., പ്രിന്റർ, ബാറ്ററി, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ | 7,43,687 |

<u>ശുപാർശകൾ</u>

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ജൽ ജീവൻ മിഷൻ പദ്ധതി- അവലോകനം

കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രധാന പദ്ധതിയായ ജലജീവൻ മിഷൻ, 2024 ഓടെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പ് വഴിയുള്ള ശുദ്ധജല കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2019 ഓഗസ്റ്റിൽ ആരംഭിച്ചതാണ്. കേരളത്തിലും ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഒരുമിച്ച് പ്രവർത്തിക്കുന്നു. ജലജീവൻ പദ്ധതിയുടെ നടത്തിപ്പിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണായക പങ്കുണ്ട്. കുടിവെള്ള വിതരണ പദ്ധതികളുടെ ആസൂത്രണം, നിർവഹണം, പരിപാലനം എന്നിവയിൽ പ്രാദേശിക സമൂഹത്തെയും ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തുന്നത് ദീർഘകാല സുസ്ഥിരത ഉറപ്പാക്കാനും കുടിവെള്ള സുരക്ഷ നേടാനും സഹായിക്കുന്നു. ഗ്രാമപഞ്ചായത്തുകൾക്കാണ് പദ്ധതിയുടെ പ്രാദേശികതല നിർവഹണത്തിന്റെ പ്രധാന ചുമതല. ജലജീവൻ പദ്ധതിയിൽ പഞ്ചായത്തുകളുടെ 15% വിഹിതം ഉൾപ്പെടുന്നു.

കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ പദ്ധതിയിൽ, പുറക്കാട് ഗ്രാമ പഞ്ചായത്ത് 2021-22 , 2022-23 സാമ്പത്തിക വർഷങ്ങളിൽ മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ടിന്റെ പേര്/നം. | അടങ്കൽ | ചെലവ് | ലഭ്യമായ അധിക വിവരങ്ങൾ |
|---|---|---|---|---|
| 2021-22 | ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതി പഞ്ചായത്ത് വിഹിതം | 10 ലക്ഷം | 10 ലക്ഷം | |

| | | | | |
|---|---|---|---|---|
| | അടവാക്കൽ. പ്രോജക്ട് നം. 168/22 | | | |
| 2022-23 | ജൽ ജീവൻ മിഷൻ പദ്ധതിക്ക് സ്ഥലം വാങ്ങൽ പ്രോജക്ട് നം. 225/23 | 23 ലക്ഷം | 22,50,000 | പദ്ധതിക്കായിസ്ഥലം വാങ്ങി |

ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, ആകെ 4105 ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതിനാണ് പ്രോജക്ട് നം. 168/22 പ്രകാരം 2021-22 ൽ 10 ലക്ഷം രൂപ ഒടുക്ക് വരുത്തിയിട്ടുള്ളത്. എന്നാൽ ഇതിൽ എത്ര പേർക്ക് കണക്ഷൻ ലഭിച്ചു, ഇനി എത്ര പേർക്ക് ലഭിക്കാനുണ്ട്, തുടങ്ങിയ വിവരങ്ങൾ നിലവിൽ ലഭ്യമല്ല. കണക്ഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്നറിയിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള (01/10.06.25) മറുപടിയിൽ അറിയിച്ചു. കൂടാതെ 2022-23 വർഷം 22,50,000 രൂപ ചെലവഴിച്ച് ജൽ ജീവൻ മിഷനുവേണ്ടി സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും ടി സ്ഥലത്ത് മറ്റ് നിർമ്മാണ പ്രവർത്തികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ലെന്ന വിവരവും അറിയിച്ചു. 2023-24, 2024-25 വർഷങ്ങളിൽ പദ്ധതിയ്ക്കായി തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ലായെന്നാണ് ലഭ്യമായ രേഖകളിൽ നിന്നും വ്യക്തമാകുന്നത്.

ജൽ ജീവൻ മിഷൻ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം 22,50,000 രൂപ ചെലവഴിച്ച് വാങ്ങിയ സ്ഥലത്ത് ഇതുവരെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ, എത്രയും പെട്ടെന്ന് ആവശ്യമായ അനുമതികൾ നേടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതും പുതിയ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അടിയന്തരമായി ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. കൂടാതെ വാട്ടർ അതോറിറ്റിയുമായുള്ള ഏകോപനം മെച്ചപ്പെടുത്തി, പദ്ധതി പുരോഗതിയും വെല്ലുവിളികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും വേണം.

ജൽജീവൻ മിഷൻ ഒരു ജനകീയ സമീപനത്തിലൂടെ ജലവിതരണം ഉറപ്പാക്കുന്നതിനുള്ള ഒരു വലിയ ചുവടുവെപ്പാണ്. ഇതിന്റെ വിജയത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും കൂട്ടായ പ്രവർത്തനം അനിവാര്യമാണ്.

## 1-29 എസ്.എസ്.കെ വിഹിതം-വിനിയോഗരേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | എസ്.എസ്.കെ വിഹിതം അടവാക്കൽ പ്രോജക്ട്നം-S0085/25. |
| അടങ്കൽ | ₹4,00,000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹4,00,000/-(വികസന ഫണ്ട്-ജനറൽ) |
| ബിൽ നം./ തീയതി | BRN.3787, Dtd 23.12.2024, ₹400000/- |

ഹെഡ്മിസ്ട്രസ്സ്, ഗവ ന്യൂ എൽ.പി.എസ് പുറക്കാട് നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ 4 ലക്ഷം രൂപ എസ്.എസ്.കെ വിഹിതമായി അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.6/12.6.25) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചു. വിനിയോഗ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച ₹4,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും വിതരണ സാമഗ്രികളും വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്റ്റ് നം - S0057/25

പ്രോജക്റ്റിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും വിതരണസാമഗ്രികളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ഹോമിയോ)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3,00,000 | 3,00,000 |

പാതിരപ്പള്ളി ഹോകോയുടെ 25.06.24 ലെ PF3 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മരുന്നുകൾക്കായി 3,00,000 രൂപ നൽകി(ബിൽ നം.1/24-25 തീ.28.06.24 തുക.300000). 2,02,111 രൂപയുടെ മരുന്ന് 26.03.25-ലെ LF-3106 നം.ഇൻവോയ്സ് മുഖേന ലഭിച്ചു. 97,889 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. വിശദീകരണം രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/10.06.25 ന്, മരുന്ന് ലഭിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കുന്നത് വരെ 97,889 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 വൃത്തി 2025- ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല**

പ്രോജക്റ്റ് നം - S 0305/25

പ്രോജക്റ്റിന്റെപേര് - വൃത്തി 2025- ദി ക്ലീൻ കേരള കോൺക്ലേവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| തനത് ഫണ്ട് | 25,000 | 25,000 |

ശുചിത്വ മിഷന്റെ പേരിൽ ഐ.ഡി.ബി.ഐ. ബാങ്കിന്റെ വഴുതക്കാട് ബ്രാഞ്ചിൽ 0046104000272292 നം.അക്കൌണ്ടിൽ 25,000 രൂപ നൽകി(ചെക്ക് നം. 110936 / 27.03.25). എന്നാൽ തുകയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/17.06.25 ന് മറുപടി ലഭ്യമാക്കിയില്ല. 25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-32 ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല**

പ്രോജക്റ്റ് നം - S0015/25

പ്രോജക്റ്റിന്റെ പേര് - ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 5,00,000 | 5,00,000 |

ഔഷധി, തൃശ്ശൂരിന്റെ 03.10.24 ലെ219542 നം. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മരുന്നുകൾക്കായി 5,00,000 രൂപ നൽകി(ബിൽ നം.1/24-25 തീ.21.11.21 തുക.500000).

5,00,000 രൂപയുടെ മരുന്ന് 6 ഇൻവോയ്സുകളിലായി ലഭിച്ചതായാണ് രേഖപ്പെടുത്തൽ. എന്നാൽ 29.03.25-ലെ 90380223 നം.ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളിൽ താഴെ ചേർത്തിരിക്കുന്ന മരുന്നുകൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭ്യമായിട്ടില്ല.

| Sl.no | Name Of Medicine | Qty | Rate | Value |
|---|---|---|---|---|
| 1 | Dhanwantharam 101 Times 10gm | 50 | 83 | 4150 |
| 2 | Ksheerabala 101 Times 10gm | 50 | 69 | 3450 |
| 3 | Rasothamadi Lepam 500gm | 15 | 277 | 4155 |
| ആകെ | | | | 11755 |

ഔഷധിക്ക് 5,00,000 രൂപ മുൻകൂർ നൽകിയതിൽ, 11755 രൂപയുടെ മരുന്നുകൾ മേൽ ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭ്യമായിട്ടില്ല. വിശദീകരണം രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/10.06.25 ന്, ലഭ്യമാകാത്ത മരുന്നുകൾ അടിയന്തിരമായി സ്ഥാപനത്തിൽ എത്തിക്കേണ്ടതാണെന്ന് ഔഷധിയിൽ 09.06-25-ൽ സി-30/25 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും കാലതാമസം കൂടാതെ 11,755/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാമെന്ന് മറുപടി ലഭിച്ചിട്ടുണ്ട് എന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതു വരെ 11,755/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 എഫ്.എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

നിർവ്വഹണം- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി തോട്ടപ്പള്ളി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | എഫ്.എച്ച്.സി തോട്ടപ്പള്ളിക്ക് മരുന്ന് വാങ്ങൽ. പ്രോജക്ട്നം-S0020/25 |
| അടങ്കൽ | ₹3,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹3,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ബിൽ നം/ തീയതി | TRN.240603000000007523,Dtd.15.11.2024, ₹1,00,000/-<br>TRN.240603000000009396,Dtd.8.12.2024, ₹2,00,000/- |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി തോട്ടപ്പള്ളി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹3,00,000/- രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും രേഖകൾ പരിശോധിച്ചതിൽ 2,19,805/-രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 80,195/- രൂപയുടെ മരുന്നുകൾ ഇപ്പോഴും ലഭിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 21 /17.6.25) മറുപടിയിൽ, മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു. ലഭിക്കാനവശേഷിക്കുന്ന മരുന്നുകൾക്കായി വിനിയോഗിച്ച 80,195/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 അഗതി രഹിത കേരളം - അക്കൌണ്ടിൽ വൻ തുക ബാലൻസ് നിലനിൽക്കുന്നു

പുറക്കാട് ഗ്രാമ പഞ്ചായത്തിലെ അഗതി രഹിത കേരളത്തിനായുള്ള
അമ്പലപ്പുഴ കാനറ ബാങ്ക് ബ്രാഞ്ചിലെ 41082200058595 നം. സി.ഡി.എസ്. അക്കൌണ്ടിൽ 31.03.2025-ൽ 15,24,812 രൂപ നീക്കിയിരുപ്പ് ഉണ്ട്. പ്രസ്തുത തുക ഏതിനത്തിൽ ഏത് സാമ്പത്തിക വർഷം ലഭ്യമായതാണെന്നും തുക ചെലവഴിക്കാത്തതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/18.06.25 ന് മറുപടി ലഭ്യമാക്കിയില്ല. തുക ഏത് പ്രോജക്ടുമായി ബന്ധപ്പെട്ട് ലഭ്യമായതാണെന്ന് കണ്ടെത്തുകയും, നീക്കിയിരുപ്പ് തുക ഫലപ്രദമായി ചെലവഴിക്കുന്നതിനായി, അഗതികളുടെ ക്ഷേമത്തിനുതകും വിധം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ഗുണഭോക്തൃ വിഹിതം ചെലവഴിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാത്തതിനാൽ ബാധ്യതയായി നിലനിൽക്കുന്നു

വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതം ( ഹെഡ് കോഡ് 320800101) ഇനത്തിൽ 14,46,515 രൂപ ചെലവഴിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാത്തതിനാൽ ബാധ്യതയായി നിലനിൽക്കുന്നു. മുൻ വർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള പ്രസ്തുത തുക ഏതൊക്കെ പ്രോജക്ടുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തി ആയത് ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയും ഈടാക്കിയില്ല

പുറക്കാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടി.യുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും 281/-രൂപ നിരക്കിൽ കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം/ കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | എൻ.എച്ച്. കുമ്പളശ്ശേരി പുരയ്ക്കൽ<br>റോഡ് മെയിന്റനൻസ് (ടാറിംഗ്)- വാർഡ് -2 | മെയിന്റനൻസ് ഗ്രാന്റ് റോഡ് മധുരാജ് ആർ. | 21ബാരൽ | 5901 | 550/13.01.25 108583/- |
| ആകെ | | | | 5901 | |

മേൽ സൂചിപ്പിച്ചവിധം കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കുറവ് ചെയ്യാതെ ഫൈനൽ ബിൽ നൽകിയതിനാൽ 5,901/- രൂപ കരാറുകാരന് അധികം നൽകുവാനിടയായി. ടി വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/17.6.25) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 5,901/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

### 3-2 സുഭിക്ഷ കേരളം-ചട്ടിയിൽ പച്ചക്കറി കൃഷി -ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി

പ്രോജക്ട് നം. - S0074/25

പ്രോജക്ടിന്റെ പേര് - സുഭിക്ഷ കേരളം-ചട്ടിയിൽ പച്ചക്കറി കൃഷി

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 9,42,000 | 9,42,000 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) | 3,14,000 | 2,62,500 |
| ആകെ അടങ്കൽ | 12,56,000 | 12,04,500 |

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും 628

ഗുണഭോക്താക്കൾക്കായി പത്ത് വീതം 12 ഇഞ്ച് വലിപ്പമുള്ള മൺ ചട്ടികൾ /HDPI ചട്ടികൾ (1 ചട്ടിയ്ക്ക് 200 രൂപ- സബ്സിഡി-150 രൂപ, ഗുണഭോക്തൃവിഹിതം -50 രൂപ ആകെ 6280 ചട്ടി) KAICO, RAIDCO മുതലായ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങി വിതരണം ചെയ്യാനാണ് പ്രോജക്ട് വിഭാവനം ചെയ്തത്.

KAICO അമ്പലപ്പുഴ,തിരുവല്ല, കൊട്ടാരക്കര എന്നിവിടങ്ങളിൽ നിന്ന് HDPE BLOW POT 12 ഇഞ്ച്, VEGETABLE SEEDLINGS WITH POTTING MIXTURE എന്നിവ വാങ്ങിയതിന്റെയും കെയ്ക്കോയ്ക്ക് തുക നൽകിയതിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ചട്ടിയുടെ എണ്ണം | നിരക്ക് | തുക | നൽകിയ തുക | | ബിൽ നം./തീയതി (വികസനഫണ്ട്) |
|---|---|---|---|---|---|---|---|
| | | | | | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം (ചെക്ക് നം./തീയതി) | |
| 1 | V-1427A/24-25 /20.02.25 | 1020 | 200 | 2,04,000 | 153000 | 102000 (110935/25.03.25) | 11/12.03.25 |
| 2 | V-1461A/24-25 /25.02.25 | 1000 | 200 | 2,00,000 | 153000 | | 12/12.03.25 |
| 3 | V-1928A/24-25 /27.03.25 | 20 | 200 | 4,000 | -- | | |
| 4 | 1876/24.02.25 | 2040 | 200 | 4,08,000 | 306000 | 102000 (110935/25.03.25) | 17/17.03.25 |
| 5 | AMB/463 /24-25 /20.02.25 | 1020 | 200 | 2,04,000 | 153000 | 16000 (110944/29.03.25) | 16/17.03.25 |
| 6 | AMB/464 /24-25 /21.02.25 | 1020 | 200 | 2,04,000 | 153000 | 12500 (110943/29.03.25) | 18/17.03.25 |
| 7 | AMB/535 /24-25 /19.03.25 | 160 | 200 | 32,000 | 24000 | 30000 (110944/29.03.25) | 20/24.03.25 |
| | | 6280 | | 12,56,000 | 942000 | 262500 | |

525 ഗുണഭോക്താക്കളിൽ നിന്ന് പത്ത് ചട്ടികളുടെ ഗുണഭോക്തൃ വിഹിതമായി 500 രൂപ വീതം ആകെ 2,62,500 രൂപ ഈടാക്കി കെയ്ക്കോയ്ക്ക് നൽകിയിട്ടുണ്ട്. 103 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. ആയതിനാൽ 51,500 രൂപ കെയ്ക്കോയ്ക്ക് നൽകിയിട്ടില്ല. 525 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം ഒടുക്കിയത്. എന്നാൽ 628 പേർക്കായി 6280 ചട്ടികൾ വാങ്ങി. വിതരണ രജിസ്റ്ററിൽ 600 ഗുണഭോക്താക്കളുടെ പേരുവിവരം എഴുതി ചേർത്തിട്ടുണ്ട്. എന്നാൽ 247 പേർ മാത്രമാണ് കൈപ്പറ്റിയതായി ഒപ്പിട്ടിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. 6280 ചട്ടികൾ വാങ്ങിയതിൽ 6260 എണ്ണം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മേൽ ചേർത്ത പട്ടിക ക്രമ നം.4 പ്രകാരം വാങ്ങിയ 20 ചട്ടികൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.30/18.06.25) മറുപടി ലഭ്യമാക്കിയില്ല. സപ്ലേ ചെയ്യാത്തതും സ്റ്റോക്കിലെടുക്കാത്തതുമായ 20 ചട്ടികളുടെ വിലയായി കെയ്കോ തിരുവല്ലയ്ക്ക് നൽകിയ 4,000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഗുണഭോക്താക്കളെ നിശ്ചയിക്കാതെയും ഗുണഭോക്തൃ വിഹിതം ശേഖരിക്കാതെയുമാണ് 1030 (6280-5250) ചട്ടികളുടെ വില അനുവദിക്കപ്പെട്ടത്. 1030 ചട്ടികളുടെ വിലയിനത്തിൽ അനുവദിച്ച 1,54,500 (ഗുണഭോക്തൃവിഹിതം നൽകിയിട്ടില്ല) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിതരണരേഖകൾ പ്രകാരം ഗുണഭോക്തൃ വിഹിതം ഒടുക്കിയ 525 പേരിൽ ചട്ടികൾ കൈപ്പറ്റിയത് 247 പേരാണ്. 278 പേർ ചട്ടികൾ കൈപ്പറ്റിയിട്ടില്ല. അതായത് 2780 ചട്ടികൾ കൈപ്പറ്റിയിട്ടില്ല. ആയതിൽ സപ്ലേ ചെയ്യാത്ത (മുകളിൽ സൂചിപ്പിച്ച) 20 ചട്ടികൾ കഴിച്ച് ബാക്കി 2760 (2780-20) ചട്ടികളുടെ വിലയായ 5,52,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇപ്രകാരം ഒട്ടാകെ 7,06,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമീയം ഒടുക്ക്

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 16 | 1,28,000 | 1,28,000 | 0 | |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1,50,000 | പ്രോജക്റ്റ് നം.S0062/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,40,000 | പ്രോജക്റ്റ് നം.S0133/25, ലൈഫ് 2020 ഭവന നിർമ്മാണം-ജനറൽ | 2,40,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 3,00,000 | പ്രോജക്റ്റ് നം.S0023/25, അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 3,00,000 | 0 |
| ആകെ | | 6,90,000 | | 6,90,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 60,471 | പ്രോജക്റ്റ് നം.S0175/25,എന്റെ ഗ്രാമം-മാലിന്യമുക്ത ഗ്രാമം | 60,471 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 5,00,000 | പ്രോജക്റ്റ് നം.S0207/25, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50,000 | പ്രോജക്റ്റ് നം.S0140/25, എസ്.സി.കുട്ടികൾക്ക് പഠനമുറി | 50,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണം | | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,00,000 | പ്രോജക്റ്റ് നം.S0161/25, എസ്സ്.സി.കുട്ടികൾക്ക് പഠനമുറി നിർമ്മാണം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50,000 | പ്രോജക്റ്റ് നം.S0091/25, പാലിന് സബ്സിഡി | 50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 6,01,503 | പ്രോജക്റ്റ് നം.S0148/25, ഗാർഹിക ബയോബിൻ | 6,01,503 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 3,00,000 | പ്രോജക്റ്റ് നം.S0098/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,56,000 | പ്രോജക്റ്റ് നം.S0062/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,56,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 9,60,000 | പ്രോജക്റ്റ് നം.S0133/25, ലൈഫ് 2020 ഭവന നിർമ്മാണം-ജനറൽ | 9,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,00,000 | പ്രോജക്റ്റ് നം.S0023/25, അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 1,00,000 | 0 |
| ആകെ | | 28,77,974 | | 28,77,974 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ വൗച്ചർ നമ്പർ/ ചെക്ക്നം./ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോജക്റ്റ് നം. S0207/25, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | XVFC/24-25/P/123 | 5,00,000 | 0 | 5,00,000 |
| കെ.എസ്.ഇ.ബി. | പ്രോജക്റ്റ് നം. S0034/25, ഇലക്ട്രിക് പോസ്റ്റ് മാറ്റിവെയ്ക്കൽ | 24060352016000485582 | 34,366 | 0 | 34,366 (14.06.2025-ൽ 34,366 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി) |
| | | 24060352016001085668 | 74,963 | 0 | 74,963 |
| | | 24060352016001654324 | 89,767 | 0 | 89,767 |
| കെ.ഡബ്ല്യു.എ | പ്രോജക്റ്റ് നം. S0225/25, ഉപയോഗശൂന്യമായ കുടിവെള്ള പൈപ്പ് ലൈൻ കട്ട് ചെയ്യൽ | XVFC/24-25/P/114 | 8,40,600 | 0 | 8,40,600 |
| | | XVFC/24-25/P/123 | 93,400 | 0 | 93,400 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | ആകെ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ -വീട് | 2023-24 | 6,51,20,697 | 3,48,606 | 6,54,69,303 | 57,37,643 | 0 | 5,97,31,660 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ്

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-5-(1,2,3) | 2016-17 | 3.21.2 | തൊഴിൽനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രൂപ) | 7,22,31,158 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രൂപ) | 6,59,02,192 |
| വരവിനങ്ങളിലുള്ള നഷ്ടം (രൂപ) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (രൂപ) | 9,901 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (രൂപ) | 31,27,314 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1/1-23 | 0 | 5,901 | ശ്രീമതി ആശാമോൾ എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2/1-19 | 0 | 4,000 | ശ്രീമതി ധനലക്ഷ്മി, കൃഷി ഓഫീസർ |
| ആകെ | 0 | 9,901 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,40,400 | ശ്രീ.റെജി അലക്സ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-18 | 9,34,000 | ശ്രീമതി ഇന്ദു ബി., സെക്രട്ടറി |
| 1-19 | 7,06,500 | ശ്രീമതി ധനലക്ഷ്മി, കൃഷി ഓഫീസർ |
| 1-20 | 50,000 | ശ്രീ.മസ്സൂദ് എച്ച്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 6,64,730 | ശ്രീമതി ഇന്ദു ബി., സെക്രട്ടറി |
| 1-26 | 16,845 | ശ്രീമതി ധനലക്ഷ്മി, കൃഷി ഓഫീസർ |
| 1-29 | 4,00,000 | ശ്രീമതി രമാദേവി, ഹെഡ്മിസ്ട്രസ് |
| 1-30 | 97,889 | ഡോ.ശ്രീരാജ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |

| | | |
|---|---|---|
| 1-31 | 25,000 | ശ്രീമതി സജിത എസ്.,<br>സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-32 | 11,755 | ഡോ.സജിതാ പി.കുറുപ്പ്,<br>മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം |
| 1-33 | 80,195 | ഡോ.ലക്ഷ്മി വി , മെഡിക്കൽ<br>ഓഫീസർ, പി.എച്ച്.സി.തോട്ടപ്പള്ളി |
| ആകെ | 31,27,314 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീമതി സജിത എസ്.,<br>സെക്രട്ടറി ഇൻ ചാർജ്ജ് | സെക്രട്ടറി ഇൻ ചാർജ്ജ്,<br>പുറക്കാട് ഗ്രാമ പഞ്ചായത്ത് | പുത്തൻപുരയ്ക്കൽ,<br>തോട്ടപ്പള്ളി പി.ഒ.,<br>ആലപ്പുഴ |
| ശ്രീമതി ധനലക്ഷ്മി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>പുറക്കാട് ഗ്രാമ പഞ്ചായത്ത് | പള്ളിക്കവടക്കേതിൽ,<br>പുള്ളിക്കണക്ക്,<br>ഭരണിക്കാവ്,<br>ആലപ്പുഴ |
| ശ്രീ.റെജി അലക്സ്,<br>സബ് ഇൻപെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻപെക്ടർ ഓഫ് ഫിഷറീസ്, പുറക്കാട് | നെടുംപറമ്പിൽ,<br>പെരുന്ന വെസ്റ്റ് പി.ഒ.,<br>പൂവം, ചങ്ങനാശ്ശേരി |
| ശ്രീമതി ഇന്ദു ബി.,<br>സെക്രട്ടറി | സെക്രട്ടറി,<br>പുറക്കാട് ഗ്രാമ പഞ്ചായത്ത് | ധനുസ്, തിരുവമ്പാടി<br>പി.ഒ., ആലപ്പുഴ |
| ശ്രീ.മസ്സൂദ്,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>തെൻമല ഗ്രാമപഞ്ചായത്ത് | തലവിളപുത്തൻവീട്<br>ഓലൂർകോണം,<br>പോരേടം പി.ഒ.,<br>ചടയമംഗലം |
| ശ്രീമതി രമാദേവി<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്,<br>എൽ.പി.എസ്.പുറക്കാട് | കൃപ(H), കോമന,<br>അമ്പലപ്പുഴ പി.ഒ. |
| ശ്രീമതി<br>ആശാമോൾ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പുറക്കാട് ഗ്രാമ പഞ്ചായത്ത് | ഭാസുരാലയം,<br>എഴുപുന്ന പി.ഒ.<br>-688537 |
| ശ്രീമതി ടിറ്റു<br>എലിസബത്ത് | അക്രഡിറ്റഡ് എഞ്ചിനീയർ<br>പുറക്കാട് ഗ്രാമപഞ്ചായത്ത് | മുതിരപ്പറമ്പ് ഹൗസ്,<br>പുറക്കാട് പി.ഒ., |

| | | |
|---|---|---|
| സ്റ്റോറിയ | | ആലപ്പുഴ-688561 |
| ഡോ.ലക്ഷ്മി വി., മെഡിക്കൽ ഓഫീസർ, അലോപ്പതി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, തോട്ടപ്പള്ളി | കാർത്തിക, കടത്തൂർ, AS പുരം, കരുനാഗപ്പള്ളി |
| ഡോ.സജിതാ പി.കുറുപ്പ്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, പുറക്കാട് | പാളപ്പുറത്ത് ഹൗസ്, കരുവാറ്റ പി.ഒ., ആലപ്പുഴ |
| ഡോ.ശ്രീരാജ്, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ പുറക്കാട് | കൃഷ്ണവിലാസം, പുറക്കാട് പി.ഒ., ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1999-00 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2004-05 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2005-06 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2006-07 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2007-08 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2008-09 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2009-10 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2010-11 | എൽ.എഫ്.എ പി8- 1091/12/20.11.2012/16.01.2013 |
| 2011-12 | എൽ.എഫ്.എ പി8- 373/14/26.05.2014 |
| 2012-13, 2013-14 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി./പി12-1290/22/13.2.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി.പി12/118/19 തീയതി : 08.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.12/1031/2019 തീയതി : 03.12.2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.12/1061/2021/03.01.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.12/1062/2021/24.02.2022 |

| | |
|---|---|
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.12/1005/22/29.09.2022 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി.5/1062/2023/ 03.10.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി-പി.5/924/2024/ 29.11.2024 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 10(1) dated 10(1) dated 30-04-2025 and submitted on 07-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Purakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Purakkad Grama Panchayat as on 31-03-2025

**Date: 12/08/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Purakkad Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1) DCB of property tax is not match with the statement from sanchaya statement.
2) The accurate value of land is not included as asset.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്